"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.ലതേഷ് കുമാർ വി.വി, കോർപ്പറേഷൻ സെക്രട്ടറി/അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ - നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.701/2024/LSGD  തീയതി,തിരുവനന്തപുരം, 26-03-2024

---

പരാമർശം:-
1. സ.ഉ (സാധാ) നം.388/2022/തസ്വഭവ തീയതി 21.02.2022
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.11.2023 ലെ LSGD/PD/1576/ 2023 - DEA1 നമ്പർ കത്ത്
3. അക്കൗണ്ടന്റ് ജനറലിന്റെ 10.01.2023 ലെ GE7/C/MCL19/199 , 18.12.2023 ലെ GE07/C/MCL19/488 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ശ്രീ.ലതേഷ് കുമാർ വി.വി.യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാൻ 09.03.2022 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു ടിയാന്റെ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് പരാമർശം ( 2 ) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ശ്രീ.ലതേഷ് കുമാർ വി.വി, 09.03.2022 മുതൽ 08.09.2022 വരെയുള്ള കാലയളവിൽ അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ 10.01.2023 ലെ കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാനെതിരെ അച്ചടക്ക നടപടികളോ അന്വേഷണമോ കേസുകളോ നിലവിലില്ല. ശ്രീ.ലതേഷ് കുമാർ വി.വി സ്വയം വിലയിരുത്തൽ ഫോം, ജോലിയും സ്വഭാവവും സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ സമർപ്പിച്ചിട്ടുണ്ട്.

കോർപ്പറേഷൻ സെക്രട്ടറി/അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തെ സേവന കാലയളവിൽ ആറ് മാസത്തെ ഡ്യൂട്ടിയാണ്. 22.06.2023 ലെ സ.ഉ (സാധാ)നം 1299/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ടിയാന് 22.01.2021 തിയതി പ്രാബല്യത്തിൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചിരുന്നു. മേൽ സാഹചര്യത്തിൽ ശ്രീ.ലതേഷ് കുമാർ വി.വി യുടെ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലെ പ്രൊബേഷൻ കാലയളവ് 22.01.2021 മുതൽ 21.07.2021 വരെയാണ്. ടി കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലായെന്ന വിവരം അക്കൗണ്ടന്റ് ജനറൽ 18.12.2023

ലെ കത്ത് മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാനെതിരെ വിജിലൻസ് കേസോ എൻക്വയറിയോ നിലവിലില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20 (ബി) പ്രകാരം ശ്രീ.ലതേഷ് കുമാർ വി.വി.യുടെ കോർപ്പറേഷൻ സെക്രട്ടറി /അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലെ നിരീക്ഷണകാലം 22.07.2021 തീയതി പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR MANJU K

അണ്ടർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള,തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ലതേഷ് കുമാർ വി.വി,ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 26-03-2024 16:45:45

സെക്ഷൻ ഓഫീസർ